**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **22-07-2021 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കാലപ്പഴക്കം മൂലം ശോച്യാവസ്ഥയിലായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വെങ്കിടങ്ങ് വില്ലേജിലെ സർവ്വേ 32/4ലെ 30 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് 01.10.1895 മുതൽ പ്രവർത്തിച്ച് വരുന്നു. കെട്ടിടത്തിന് 2200 ചതുരശ്രയടി വിസ്തീർണമുള്ളതും പ്രധാന കെട്ടിടം ഓടുകൊണ്ടും, വരാന്ത ആസ്ബറ്റോസ് ഷീറ്റുകൊണ്ടും നിർമ്മിച്ചതും, ബാക്കി ഭാഗം ടെറസുമാണ്. നിലവിൽ ഓഫീസ് കെട്ടിടം അപകടാവസ്ഥയിൽ അല്ല. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ നവീകരണ പ്രവർത്തനം നടത്തി കക്ഷികൾക്ക് ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഓഫീസിലെ പ്രധാന ഓഫീസ് കെട്ടിടത്തോട് ചേർന്നുള്ള കാലപ്പഴക്കം മൂലം ചോർന്നൊലിച്ച് ഉപയോഗശൂന്യമായി കിടന്നിരുന്ന റെക്കോർഡ് മുറി മേൽക്കൂരയിലെ പഴയ ആസ്ബറ്റോസ് ഷീറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | പഴയ കെട്ടിടം പൊളിക്കാതെ തന്നെ പുതിയ കെട്ടിടം നിർമ്മിക്കാൻ മതിയായ സ്ഥലമുള്ളതിനാൽ ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ